2001 മേയ് മുതൽ 2005 മേയ് വരെ സംസ്ഥാനത്ത് നൽകിയ പട്ടയം

169. [938] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മുതൽ 2005 മേയ് വരെ സംസ്ഥാനത്ത് എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പട്ടയത്തിനായുള്ള എത്ര അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) 2001 മേയ് മുതൽ ഇതുവരെ സംസ്ഥാനത്ത് മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും പങ്കെടുത്തു കൊണ്ട് എത്ര പട്ടയ വിതരണ മേളകൾ സംഘടിപ്പിച്ചുവെന്നും ഇതിൽ ഓരോ പരിപാടിയിലും എത്ര പട്ടയം വിതരണം ചെയ്തെന്നും വ്യക്തമാക്കാമോ ;

(ഡി) സർക്കാരിന്റെ പരിഗണനയിലുള്ള അപേക്ഷകളിൽ എന്നത്തേക്ക് തീർപ്പ് കൽപ്പിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ, ബി, സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

റാന്നി റവന്യൂ ടവറിന്റെ നിർമ്മാണം

170. [939] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനായി സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ എന്നാണ് ;

(ബി) റാന്നി റവന്യൂ ടവറിനായി കഴിഞ്ഞ നാല് ബജറ്റുകളിൽ എത്ര വീതം തുകയായിരുന്നു വകയിരുത്തിയിരുന്നത് എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏത് ഏജൻസി ?

(ഡി) എന്തു തുകയുടെ എസ്റ്റിമേറ്റാണ് ഈ ഏജൻസി തയ്യാറാക്കിയിട്ടുള്ളതെന്നും കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

(ഇ) ഏതൊക്കെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നാണ് ഈ വീഴ്ച ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ആവശ്യമായ ഭരണാനുമതി നൽകി കെട്ടിട നിർമ്മാണം എന്നാരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 6-2-2004 ലെ ജി. ഒ. (എം. എസ്.) നം. 5/2004/ഭവനം പ്രകാരം റാന്നി റവന്യൂ ടവർ നിർമ്മിക്കുവാൻ 11-2-2004-ൽ ഭവനനിർമ്മാണ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ബി) തുകയൊന്നും വകയിരുത്തിയിരുന്നില്ല.

(സി) റാന്നി റവന്യൂ ടവർ നിർമ്മിക്കുന്നതിനാവശ്യമായ പ്ലാനുകളും എസ്റ്റിമേറ്റും മറ്റും തയ്യാറാക്കുന്നതിലേക്കായി കോട്ടയത്തെ ആർക്കിടെക്റ്റ് സ്ഥാപനമായ ആൻസൺസ് ഗ്രൂപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ഡി) വിശദമായ എസ്റ്റിമേറ്റ് കൺസൾട്ടന്റ് ആർക്കിടെക്റ്റ് സമർപ്പിച്ചിട്ടില്ല. ഭവന നിർമ്മാണ ബോർഡ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ സമാഹരിച്ചാണ് റവന്യൂ ടവർ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഇ) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടില്ല.

(എഫ്) റാന്നി റവന്യൂ ടവറിന്റെ കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

പാലമേൽ-നൂറനാട് വില്ലേജുകളുടെ സ്കെച്ച്

171. [940] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം നിയോജകമണ്ഡലത്തിലെ ആലപ്പുഴ ജില്ലയിൽപ്പെട്ട പാലമേൽ-നൂറനാട് വില്ലേജുകളുടെ സ്കെച്ചിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) നൂറനാട് പഞ്ചായത്തിലെ കുറച്ച് ഭാഗം അശാസ്ത്രീയമായി പാലമേൽ വില്ലേജിൽ ഉൾപ്പെട്ടുകിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) പാലമേൽ വില്ലേജിൽ ഉൾപ്പെട്ട നൂറനാട് പഞ്ചായത്തിലെ പാലമേൽ കിടക്കയം കരകളിൽപ്പെട്ട ഏലിയാസ് നഗർ ഉൾപ്പെട്ട പ്രദേശങ്ങൾ നൂറനാട് വില്ലേജിൽ ഉൾപ്പെടുത്തി ഉത്തരവിറക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly